**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2306** **12-02-2024 - ൽ മറുപടിയ്ക്ക്**

**ഡെന്റൽ ഹൈജീനിസ്റ്റുകളുടെ സേവനങ്ങൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ആരോഗ്യ വകുപ്പിലെ ഡെന്റൽ ഹൈജീനിസ്റ്റുകളെ കൂടുതൽ പൊതുജനോപകാര പ്രദമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | ആരോഗ്യവകുപ്പിലെ ഡെന്റൽ ഹൈജീനിസ്റ്റുമാരുടെ നിലവിലെ ഉത്തരവാദിത്തങ്ങൾക്കും ചുമതലകൾക്കും പുറമെ ആരോഗ്യവകുപ്പിൽ നടത്തുന്ന ഡെന്റൽ ക്യാമ്പുകളിൽ ദന്ത ബോധവത്കരണ പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ച് വരുന്നുണ്ട്. രോഗികൾക്കും, കുട്ടികൾക്കും ബ്രഷിംഗ് ടെക്നിക് ഡെമോൺസ്ട്രേഷൻ, ഔട്ട് റീച്ച് ആക്ടിവിറ്റീസ്, ദന്താരോഗ്യ വിദ്യാഭ്യാസം, IEC/BCC ആക്ടിവിറ്റീസ് തുടങ്ങിയവയിൽ ഡെന്റൽ സർജന്മാരോടൊപ്പം അവരെ സഹായിക്കാൻ ദന്തൽ ഹൈജീനിസ്റ്റുമാരെ ഉപയോഗിക്കുന്നത് വഴി കൂടുതൽ ഉത്തരവാദിത്തങ്ങൾ നൽകുകയും ഇവരുടെ സേവനം കൂടുതൽ കാര്യക്ഷമമായി ഉപയോഗിക്കുവാൻ സാധിക്കുകയും ചെയ്യുന്നു. |
| (ബി) | സീനിയർ ഡെന്റൽ ഹൈജീനിസ്റ്റുകളെ ഡന്റൽ ഹൈജീൻ ഓഫീസർ എന്ന് പുനർനാമകരണം നടത്തുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | ഡയറക്ടറേറ്റ് തലത്തിൽ പരിശോധിച്ചു വരുന്നുണ്ട്. |
| (സി) | സംസ്ഥാനത്തെ ജില്ലാ ആശുപത്രികളിലെ ഡെന്റൽ ഹൈജീനിസ്റ്റുകൾക്ക് ബോധവത്കരണ പ്രവർത്തനങ്ങൾക്കുള്ള കൂടുതൽ ഉത്തരവാദിത്തങ്ങൾ നൽകുവാൻ നടപടി സ്വീകരിക്കുമോ? | (സി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ